പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 226 | 27-01-2014-ൽ മറുപടിക്ക്

ഗ്രാമീണ ശുദ്ധജല പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്.<br>ശ്രീ. പാലോട് രവി.<br>ശ്രീ. സണ്ണി ജോസഫ്.<br>ശ്രീ. ആർ സെൽവരാജ്. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളമെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് കേന്ദ്ര ഗ്രാമീണ ശുദ്ധജലപദ്ധതി. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം 47% കവറേജിനും 20% ക്വാളിറ്റിക്കും, 15% ഒ.&എം നും, 10% സസ്റ്റൈനബിലിറ്റിക്കും, 5% സപ്പോർട്ട് ആക്ടിവിറ്റീസിനും, 3% വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് ആന്റ് സർവീലിയൻസിനുമായിട്ടാണ് തുക അനുവദിക്കുന്നത്. ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ (വർഷ പദ്ധതികൾ) തടയണകളുടെ നിർമ്മാണം, ഇൻ ടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീചാർജ്ജ് എന്നിവ ഉൾ പ്പെടും. കൂടാതെ ഗ്രാമീണ സ്കൂളുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതിയും ഉൾ പ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ നിന്നും എസ്.സി/എസ്.റ്റി |

കോളനികളിലേക്ക് ജില്ലാ കളക്ടർ വഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിയ്ക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) ഗ്രാമീണ ശുദ്ധജല പദ്ധതികൾ നടപ്പാക്കുന്നതിൽ ഈ സർക്കാരിന്റെ കാലത്ത് ശ്രദ്ധേയമായ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം 171 ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വിവിധ ജില്ലകളിൽ ജനപ്രതിനിധകൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകനയോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. കടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ റെയിൽ വേ, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഉൾ ക്കൊള്ളിച്ചുകൊണ്ട് അവലോകന യോഗങ്ങൾ നടത്തി വേണ്ട നിർ ദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള മികവ് അനുസരിച്ച് കേന്ദ്രത്തിൽ നിന്ന് അധിക സഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിക്കായി അനുവദിച്ച തുക ചിലവഴിച്ച മികവ് അനുസരിച്ച് കേന്ദ്രത്തിൽ നിന്നും 7500 ലക്ഷം രൂപ അഡീഷണൽ ഫണ്ടായിട്ടും 2469.55 ലക്ഷം രൂപ ഇൻ സെന്റീവ് ഫണ്ടായിട്ടും 2012-13 -ൽ ലഭിച്ചിട്ടുണ്ട്.

(ഡി) നേട്ടങ്ങളും പ്രവർത്തനമികവും കൈവരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(ഡി) നേട്ടങ്ങളും പ്രവർത്തനമികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ വീഡിയോ കോൺഫറൻസിംഗ് നടത്തി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്ത് വേണ്ട നിർ ദ്ദേശങ്ങൾ നൽകാറുണ്ട്. ഇവയിലൂടെ പദ്ധതികൾ സമയബന്ധതിമായി പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ